# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA.MPM-13/1630/2019-20

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/11/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM-13/1630/2019-20 തീയ്യതി: 06/11/2021

## മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-11-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2021 | 08-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2021 | 08-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ്.പി. ഓഡിറ്റ് ഓഫീസർ
ശ്രീ. മൂസ.ഇ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീ. ഷജീർ.കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. വിനീത.പി.പി. ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.രാജീവ്.കെ.കെ | പ്രസിഡന്റ് | | |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ്കുമാർ.പി. | സെക്രട്ടറി | 01-04-2019 | 10-07-2019 |
| ശ്രീ.സുധീഷ് ബാബു. അസി.സെക്രട്ടറി | സെക്രട്ടറി(ഇൻ ചാർജ്ജ്) | 11-07-2019 | 15-07-2019 |
| ശ്രീ.അബ്ബാസ്.പി.പി. | സെക്രട്ടറി | 16-07-2019 | 31-03-2020 |
| ശ്രീ.സുധീഷ് ബാബു.ആർ | അസി.സെക്രട്ടറി | 01-04-2019 | 20-09-2019 |
| ഡോ.നഷീന കരുപാടിൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ഹൈദരലി.പി. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 02-06-2019 |
| ഡോ.മുഹമ്മദ് മുനീർ.പി. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 03-06-2019 | 31-03-2020 |
| ഡോ.അലി മുഹമ്മദ് | മെഡിക്കൽ ഓഫീസർ(ആലോപ്പതി) | 01-04-2019 | 31-03-2020 |
| ശ്രീ.ഷബീർ. | വി.ഇ.ഒ | 01-04-2019 | 05-10-2019 |
| ശ്രീ. ഷാജഹാൻ.എസ്. | വി.ഇ.ഒ | 06-10-2019 | 31-03-2020 |
| ശ്രീമതി.ശ്രീലേഖ | കൃഷി ഓഫീസർ | 01-04-2019 | 07-07-2019 |
| ശ്രീമതി.മഞ്ജു മോഹൻ | കൃഷി ഓഫീസർ | 08-07-2019 | 22-09-2019 |
| ശ്രീ.വിഷ്ണു നാരായണൻ .പി.എം. | കൃഷി ഓഫീസർ | 23-09-2019 | 31-03-2020 |
| ശ്രീമതി.ഉഷ.എം. | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ബീന. | ഡയറി എക്സ്റ്റെഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.മിഥുൻ.ഒ.വി. | വെറ്റിറിനറി സർജൻ | 01-04-2019 | 29-09-2019 |
| ഡോ.അജിത് കൃഷ്ണൻ | വെറ്റിറിനറി സർജൻ | 30-09-2019 | 31-03-2020 |
| ശ്രീമതി.രമ്യ.സി.ആർ | എെ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സമിത.വി. | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.രാജേഷ്.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 21-09-2019 | 31-03-2020 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajeer.K (Senior Grade Auditor, On 04-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 04-10-2021) | 1--1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shajeer.K (Senior Grade Auditor, On 04-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)<br>Written By: Shajeer.K (Senior Grade Auditor, On 09-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 09-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shajeer.K (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Shajeer.K (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajeer.K (Senior Grade Auditor, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shajeer.K (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Vineetha P P (Auditor, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Vineetha P P (Auditor, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-11 |
| 12 | V.E.O നിർവ്വഹണം നടത്തിയ പദ്ധതി-വീടു പുനരുദ്ധാരണം-പൊതു അപാകതകൾ<br>Written By: Prasad (Audit Officer, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-12 |
| 13 | യഥാസമയം കരാർ ഒപ്പ് വെക്കാത്തവരിൽ നിന്ന് പിഴ ഈടാക്കിയില്ല.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അടവാക്കി<br>Written By: E.Moosa (Asst. Audit Officer, On 10-10-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 10-10-2021) | 1-13 |
| 14 | സെന്ററിങ്ങ് & ഷട്ടറിങ് - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-10-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 10-10-2021) | 1-14 |
| 15 | രസീത് ബുക്കുകളുടെ ഉപയോഗത്തിലെ അപാകതകൾ<br>Written By: Vineetha P P (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-15 |
| 16 | എയ്ഡഡ് സ്കൂളുകളിലെ ടോയ്‌ലെറ്റ് നിർമ്മാണം - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-16 |
| 17 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-17 |

| | | |
|---|---|---|
| 18 | ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-18-1 |
| 19 | ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-18-2 |
| 20 | കിഡ്നി രോഗ നിർണ്ണയ ക്യാമ്പ് -അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-19 |
| 21 | വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 08-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-10-2021) | 1-20 |
| 22 | ഐ.കെ.എം. ന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 08-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-10-2021) | 1-20-1 |
| 23 | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-20-2 |
| 24 | KSEBക്ക് തുക അടവാക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-20-3 |
| 25 | ക്ലീൻ എടയൂർ ഗ്രീൻ എടയൂർ-പൊതുസ്ഥലത്ത് മാലിന്യം തള്ളൽ-സി.സി.ടി.വി. സ്ഥാപിക്കൽ-അപാകതകൾ<br>Written By: Prasad (Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സെന്ററിങ്ങ് & ഷട്ടറിങ് - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Prasad (Audit Officer, On 03-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Prasad (Audit Officer, On 03-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി 2019-20<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1--1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നം 1(1) തിയ്യതി 13.02.2019 | തീരുമാന നം 1(1) തിയ്യതി 12.03.2020 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2020 | 15-05-2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | വർഷം (2019-20) |
|---|---|
| മുന്നിരിപ്പ് | 27243700 |
| വരവ് | 72135943 |
| ആകെ | 99379643 |
| ചെലവ് | 68563433 |
| നീക്കിയിരിപ്പ് | 30816210 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14411239 | 14411239 | 13414787 | 996452 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7311059 | 7311059 | 6877693 | 433366 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 223000 | 223000 | 0 | 223000 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 7730000 | 7730000 | 7730000 | 00 |
| സംരക്ഷണ ഗ്രാന്റ്(നോൺറോഡ്) | 0 | 4467000 | 4467000 | 2659656 | 1807344 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11534844 | 11534844 | 7832699 | 3702145 |
| NREGA | 1295 | 1176035 | 1177330 | 438362 | 738968 |
| ശുചിത്വ മിഷൻ | 402096 | 1969 | 404065 | 0 | 404065 |
| ദുരിതാശ്വാസം | 17574 | 5885 | 23459 | 5000 | 18459 |
| TSC & Suchitah Mission | 3756870 | 146418 | 3903288 | 784503 | 3118785 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാത്തിവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 224 | 79231946 | 170 | 50926804 | 62 | 5 | 76 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1295 | 1176035 | 1177330 | 438362 | 738968 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 00 | 11424358 | 11424358 | 11424358 | 00 |
| സംസ്ഥാന വിഹിതം | 00 | 66000 | 66000 | 66000 | 00 |
| ആകെ | 1295 | 12666393 | 12667688 | 11928720 | 738968 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 40200 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 560400 | 147 |
| വിധവാ പെൻഷൻ | 4320000 | 1235 |
| വാർദ്ധക്യകാല പെൻഷൻ | 7397100 | 2146 |
| വികലാഗ പെൻഷൻ | 1204000 | 334 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 129600 | 36 |
| ആകെ | 13651300 | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.09.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5643 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം നിർജ്ജീവമാണ്. പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ക്രമീകരിച്ചിട്ടില്ല.

2. ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വെറ്ററിനറി സർജൻ,ഡയറി എക്സ്റ്റൻഷൻ ഓഫീസർ,മെഡിക്കൽ ഓഫീസർ(ഹോമിയോ) എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ കാലികമാക്കിസൂക്ഷിക്കുന്നില്ല.
3. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോർ, ഓഫീസ് ഫർണ്ണീച്ചറുകൾ, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതും സ്റ്റോക്കുകളുടെ പരിശോധന കാര്യക്ഷമമാക്കേണ്ടതുമാണ്.
4. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5.ഓഡിറ്റിന് ഹാജരാക്കിയ മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്ററിൽ ഏതാനും സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ ആണ് മുഖ്യമായും ഉൾപ്പെടുത്തിക്കാണുന്നത്. നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതലാ കാലയളവ് ക്രമത്തിൽ ഐസിഡിഎസ്,ഡയറി എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തുടങ്ങിയ നിർവഹണ ഉദ്യോഗസ്ഥരുടെ മേൽവിലാസം,കാലയളവ് വിവരങ്ങൾ കൂടി ഉൾപ്പെടുത്തി മാസ്റ്റർ ഇൻകുമ്പൻസി റജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2020 | മാർച്ച് 2020 | ലഭിച്ചിട്ടില്ല |
| എ.ജി. ഓഡിറ്റ് | 19.05.2003 | 1998-99മുതൽ 2003-04 വരെ | 21.07.2003 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

എടയൂർ ഗ്രാമ പഞ്ചായത്തിന്റെ 2019-20വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ:

1. MGNREGA വരവ് ചെലവ് രേഖകൾ പ്രകാരം 11311630 ആണ്. എന്നാൽ ആയത് AFS പ്രകാരം 10648374 ആണ്.

2. B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുകകൾക്ക് എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

Grants,Funds& Contributions For Specific Purposes-Other Agencies

Donation To Flood

3. AFS B(18) പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന Advance തുകകളുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

Advance To Implimenting Agencies- Deposit With Kerala Electricity Board- 679660

Advance To Other Authorised Agencies- 650000

Advance To Other Accredited Agencies- 24165

Advance To Implimenting Officers- 108227

4. ലോൺ രജിസ്റ്റർ പ്രകാരം ലോൺ ഇനത്തിൽ വരവ് ചെലവ് ഇല്ല. എന്നാൽ AFS RP(32) പ്രകാരം 1468793 രൂപ വരവും 1380000 രൂപ ചെലവും ഉൾപ്പെടുത്തിയിട്ടുണ്ട്.

5. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ (B-7) ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. ആയത് കണക്കാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

6. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. മുൻ വാർഷിക കണക്കിലെ (2018-19) അപാകതകൾ പരിഹരിച്ചിട്ടില്ല.

8. B-4 പ്രകാരമുള്ള ICDS ഫണ്ടിന് പ്രത്യേക അക്കൌണ്ട് സൂക്ഷിക്കുന്നില്ല.

9. B-17 പ്രകാരം ശുചിത്വ മിഷൻ ഫണ്ട് രണ്ട് വ്യത്യസ്ത അക്കൌണ്ടുകളിലാണ് സൂക്ഷിക്കുന്നത്.

10. AFS പ്രകാരമുള്ള യഥാർഥ ഡി&ഒ ലൈസൻസ് ഫീ ഡിമാന്റ് 169850 രൂപയാണ് ( 2018-19 B(9)+2019-20 RP(43) ). എന്നാൽ 2019-20 AFS I 4(B) പ്രകാരം ആയത് 162600 രൂപയാണ്.

## 1-12 V.E.O നിർവ്വഹണം നടത്തിയ പദ്ധതി-വീട്ടു പുനരുദ്ധാരണം-പൊതു അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | വീട്ടു പുനരുദ്ധാരണം 2018-19(ജനറൽ)<br>നം.SO.186/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| ചെലവ് തുക | 337500/-<br>187500/-(വികസന ഫണ്ട്)<br>(ബിൽ നം.1/36663/186-20 Dated 10.05.19)<br>137500/-(തനത് ഫണ്ട്)<br>(ചെക്ക് നം. 2036272 Dated 22.07.19)<br>12500/(തനത് ഫണ്ട്)<br>(ചെക്ക് നം. 003470 Dated 26.03.20) |

മേൽ പ്രോജക്ട് പ്രകാരം 23 ഗുണഭോക്താക്കൾക്ക് 12500/-രൂപയും രണ്ട് ഗുണഭോക്താക്കൾക്ക് 25000/-രൂപ വീതവും ആകെ 337500/-രൂപ നല്കിയിട്ടുണ്ട്. പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. സബ്സിഡി തുക അനുവദിക്കുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും വാല്യുവേഷൻ നടത്തിയിട്ടില്ല. ഭവന പുനരുദ്ധാരണം പദ്ധതി നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. മേൽ അപാകതകൾ പ്രോജക്ട് നം. 210/19-20 വീട് പുനരുദ്ധാരണം (എസ്.സി) എന്ന പ്രോജക്ടിനും കാണുകയുണ്ടായി.

## 1-13 യഥാസമയം കരാർ ഒപ്പ് വെക്കാത്തവരിൽ നിന്ന് പിഴ ഈടാക്കിയില്ല.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അടവാക്കി

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചതായ അറിയിപ്പ് നോട്ടീസ് ( സെലക്ഷൻ നോട്ടീസ്) കൈപറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാർ ഒപ്പ് വെക്കണമെന്നും, 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ ഉടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി -മിനിമം 1000 പരമാവധി 25000

-കരാറുടമ്പടി വെക്കാം എന്നും കേരള പൊതു മരാമത്ത് മാന്വൽ ഖ. 2009-6 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയ്യതി നോട്ടീസ് കൈപറ്റിയ തീയ്യതിയായി കണക്കാക്കുന്നതാണ് എന്നും ഖണ്ഡികയിൽ ഉണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ നിശ്ചിത ദിവസത്തിനകം കരാർ വെച്ചിരുന്നില്ല.

ഓഡിറ്റ് എൻക്വയറി 4 /19-20/1.10.2021 നൽകിയതിനെ തുടർന്ന് തുക അടവാക്കുകയുണ്ടായി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സെലക്ഷൻ നോട്ടീസ് തീയ്യതി | കരാർ വെച്ച തീയ്യതി | പിഴ | രസീത് നമ്പർ |
|---|---|---|---|---|
| ചെങ്കുണ്ടൻ പടി അംഗൻവാടി റോഡ് നവീകരണം (60/20)<br>ബിൽ 57/1581.2020തുക 198850<br>കരാർ 48/16.10.2019<br>ബിൽ 57/18.1.20 തുക 198850<br>കോൺട്രാക്ടർ ശ്രീ മുഹമ്മദ് അജ്നാസ്.കെ | 18.9.2019 | 16.10.2019 | 1989 | 121130101516/7.10.21 |
| അംഗൻവാടി നം.32 നവീകരണം (204/20)<br>ബിൽ 77/23.2.2020 തുക 47730<br>കരാർ 44/13.8.2018 (തുക 84800 15.2%കുറവ്)<br>ബിൽ 77/23.2.20 തുക 47730<br>കോൺട്രാക്ടർ ശ്രീ ടി.കെ ആബിദലി | 22.6.2018 | 13.8.2018 | 848 | 121130101517/7.10.21 |
| അമ്പലം അമ്പലക്കുഴി റോഡ് റീ ടാറിങ് (48/20)<br>ബിൽ 62/17.3.2020തുക 197929<br>കരാർ 50/16.10.2019<br>കോൺട്രാക്ടർ ശ്രീ മുഹമ്മദ് അജ്നാസ്.കെ | 18.9.2019 | 16.10.2019 | 1979 | 121130101519/7.10.21 |

## 1-14 സെന്ററിങ്ങ് & ഷട്ടറിങ് - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചെങ്ങണക്കോട് പച്ചിലക്കുണ്ട് തോട്ടിൽ കള്ളാടിക്കുണ്ട് പാലം (263/19) എന്ന പ്രവത്തിയുടെ ഇനം 7 ആയി പാലത്തിന്റെ പാരപ്പെറ്റ്, റോഡ് സൈഡ് പ്രൊട്ടക്ഷൻ വാൾ എന്നിവ കോൺക്രീറ്റ് ചെയ്യുന്നതിനായി സെന്ററിങ് പ്രവൃത്തി ചെയ്തതിന് DAR 5.9.6 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് യഥാക്രമം DAR 5.9.1, DAR 5.9.2 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതി. 5.9.6 പ്രകാരമുള്ള നിരക്ക് പില്ലർ, കോളം, പിയർ എന്നിവക്കും സമാന കോൺക്രീറ്റ് പ്രവൃത്തികളുടെയും സെന്ററിങ്ങ് പ്രവൃത്തികൾക്കും നൽകുന്ന നിരക്കാണ്.

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | അളവ് | | | |
| ചെങ്ങണക്കോട് പച്ചിലക്കുണ്ട് തോട്ടിൽ കള്ളാടിക്കുണ്ട് പാലം (263/19)<br>കരാറുകാരൻ ശ്രീ. അനിൽകുമാർ. പി.ടി<br>കരാർ 102/22.1.2019<br>ബിൽ. 24/4.9.2019 തുക 281233<br>2018-19 ൽ നൽകിയത് 300000<br>അളവ് പുസ്തകം 88/18-19,104/18-19<br>കോസ്റ്റ് ഇൻഡക്സ്. 37.25% | സെന്ററിങ് & ഷട്ടറിങ് പാരപ്പെറ്റ് 8.57$m^2$ | 5173<br>@603.5928/$M^2$ | 1469<br>@250.22/$M^2$<br>(ടെണ്ടർ കുറവിന് ശേഷം)<br>DAR പ്രകാരം അടിസ്ഥാന നിരക്ക് 266.19/$M^2$ | 3704 |
| | റോഡ് മെയ്കിങ് പ്രൊട്ടക്ഷൻ വാൾ 44.85$m^2$<br>ആകെ | 27071<br>@603.5928/$M^2$ | 21907<br>@488.4508<br>(ടെണ്ടർ കുറവിന് ശേഷം)<br>DAR പ്രകാരം അടിസ്ഥാന നിരക്ക് @519.6285 | 5164 |

വിശദാംശങ്ങൾ ഖ.3-1 ആയി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-15 രസീത് ബുക്കുകളുടെ ഉപയോഗത്തിലെ അപാകതകൾ

കേരള ട്രഷറി കോഡ് (വാല്യം 1) ആർട്ടിക്കിൾ 92(ബി) പ്രകാരം ഓരോ രസീത് ബുക്കുകളിലേയും ഫോറങ്ങളുടെ എണ്ണം സൂക്ഷ്മമായി പരിശോധിക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ രസീത് ബുക്ക് നം. 24710, 24708 എന്നിവയിൽ അപ്രകാരം ചെയ്തിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 01/2019-20 ന് ഓഫീസ് ആവശ്യത്തിനും, മറ്റും ഉപയോഗിക്കുന്ന രസീതു പുസ്തകങ്ങളിലെ ഫോറങ്ങളുടെ പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തുമെന്നും, മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-16 എയ്ഡഡ് സ്കൂളുകളിലെ ടോയ്ലെറ്റ് നിർമ്മാണം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ എയ്ഡഡ് സ്കൂളുകൾക്ക് ചുവടെ കാണിച്ച പദ്ധതികൾ പ്രകാരം ടോയ്ലറ്റ് യൂണിറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ രൂപീകരണം ,നിർവ്വഹണം എന്നിവ സംബന്ധിച്ച് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കുന്നത്. എന്നാൽ പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരമുള്ള ടോയ്ലറ്റുകൾ, മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്നിവ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ പ്രവൃത്തി ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

2. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ നിലവിൽ എത്ര ടോയ്ലറ്റുകൾ ലഭ്യമാണ്, ഇനി ആവശ്യമുള്ളത് എത്ര എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തിയതായി കാണുന്നില്ല.

3.എയ്ഡഡ് സ്കൂളിൽ ടോയ്ലറ്റ് നിർമ്മിച്ച് നൽകണമെന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള

സമ്മതം നേടിയിട്ടുമില്ല.

| പ്രൊജക്ട് | ചെക്ക് നമ്പർ, തുക |
|---|---|
| SVLP സ്കൂൾ എടയൂർ ശുചിത്വ കക്കൂസ് (232/20) | 2855/3.3.20 തുക 245695<br>2856/3.3.20 തുക 6762 |
| ALP സ്കൂൾ സി.കെ പാറ ശുചിത്വ കക്കൂസ് നിർമ്മാണം (231/20) | 2857/9.3.210 തുക 241311<br>2858/9.3.210 തുക 6642 |

ഓഡിറ്റ് എൻക്വയറി 14 /19-20 /7.10.2021ന് നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

I. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 121പദ്ധതികൾ തയ്യാറാക്കിയതിൽ 85 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. 29 പദ്ധതികളുടെ ബില്ലുകൾ സമർപ്പിച്ചിരുന്നു എങ്കിലും ആയത് ട്രഷറി ക്യൂവിൽ ആയതിനാൽ തൻവർഷം ചെലവ് വന്നിട്ടില്ല. 23 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ മുഴുവൻ പദ്ധതികളും ഈ വർഷം നടപ്പിലാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 121 | ആകെ അടങ്കൽ | 25513802 |
| നടപ്പിലാക്കിയത് | 85 | ചെലവ് | 16444377 |
| ശതമാനം | 70.25% | ചെലവ് ശതമാനം | 64.45% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

..

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

IV.1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

V. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1. കാഷ് ബുക്കിൽ ദിനേനയുള്ള ക്ലോസിങ്, മാസാവസാനമുള്ള ക്ലോസിങ് എന്നിവ രേഖപ്പെടുത്തുന്നില്ല. പണമിടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ അക്കാര്യം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

3. എഗ്രിമെന്റ് രജിസ്റ്ററിൽ 23.11.2019 മുതൽ കരാർ വെച്ച പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

4. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയ്യതി,സമയം, ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനം, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

5. പ്രവൃത്തി പൂർത്തീകരിച്ചാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച പൊതുമരാമത്ത് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്

## 1-18-1 ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകൾക്കായി ചുവടെ കാണിച്ച ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകളുടെ ചെലവ് രേഖകൾ /വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | ബിൽ നമ്പർ | തുക |
|---|---|---|---|
| 1 | സുരക്ഷ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ- കുത്തിവെപ്പ്, വാഹന വാടക (24/20) പ്ലാൻ (ജനറൽ) | 6/25.8.19 | 30400 |
| | | 11/25.10.2019 | 16150 |
| | | 18/27.12.2019 | 18050 |
| | | 22/28.1.2020 | 8550 |
| | | 27/20.2.2020 | 10450 |
| 2 | ആരോഗ്യ ജാഗ്രത - പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ (26/20) പ്ലാൻ (ജനറൽ) | 16/16.12.2019 | 19200 |
| | | 24/15.2.2020 | 19800 |
| | | ആകെ | 122600 |

ഓഡിറ്റ് എൻക്വയറി 8/19-20/5.10.2021 നൽകിയതിന് മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-18-2 ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ചുവടെ കാണിച്ച ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകളുടെ ചെലവ് രേഖകൾ /വിശദാംശങ്ങൾ പരോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | ബിൽ നമ്പർ | തുക |
|---|---|---|---|
| 1 | പി.എച്ച്.സിയിലെ ദൈനംദിന ചെലവുകൾ (27/20) | 7/31.8.2019 | 52248 |
| | | | |

| | | | |
|---|---|---|---|
| | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 23/15.2.2020 | 80350 |
| | | | 132598 |

ഓഡിറ്റ് എൻക്വയറി 8/19-20/5.10.2021 നൽകിയയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-19 കിഡ്നി രോഗ നിർണ്ണയ ക്യാമ്പ് -അപാകതകൾ

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കിഡ്നി രോഗ നിർണ്ണയ ക്യാമ്പ് (28/20) എന്ന പ്രൊജക്ട് പ്രകാരം 29.2.20, 3.3.20, 5.3.20 എന്നീ ദിവസങ്ങളിലായി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വെച്ച് കിഡ്നി രോഗ നിർണ്ണയ ക്യാമ്പ് നടത്തിയതിന് തനത് ഫണ്ടിൽ നിന്ന് ചുവടെ കാണും പ്രകാരം 61142 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് | ചെക്ക് നമ്പർ, തുക | ചെലവിനം | തുക |
|---|---|---|---|
| കിഡ്നി രോഗ നിർണ്ണയ ക്യാമ്പ് (28/20)<br>തനത് ഫണ്ട് | 3535/31.3.202061142<br>61142 | 1.മരുന്ന് (5 ഇൻവോയ്സ്)<br>2.പ്രിന്റിങ്<br>3. വാഹനം<br>4. ഭക്ഷണം<br>5.ഡോക്ടർമാർ, മറ്റ് ജീവനക്കാർ എന്നിവർക്ക് പ്രതിഫലം | 10312<br>10300<br>2700<br>16050<br>21780 |
| | | ആകെ | 61142 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രോഗ നിർണ്ണയ ക്യാമ്പിലെ രജിസ്ട്രേഷൻ വിവരം, ഓരോ ദിവസവും പങ്കെടുത്തവരുടെ എണ്ണം, എത്ര പേർക്ക് രോഗം കണ്ടെത്തി, തുടർ ചികിത്സ വിവരം എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2.രോഗ നിർണ്ണയ ക്യാമ്പിലേക്ക് 5 ഇൻവോയ്സുകളിലായി 10312 രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട്. മരുന്നിന്റെ സ്റ്റോക്ക് വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 61142രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി 10 /19-20/5.10.2021 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന നിക്ഷേപ പദ്ധതികളുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-20-1 ഐ.കെ.എം. ന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം | പേര് | ബിൽ / വൌച്ചർ നം / തിയ്യതി | ചെലവ് തുക | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | അപാകത |
|---|---|---|---|---|---|---|
| 1 | 3/2019-20 | ഐ.കെ.എം. ന് വിഹിതം നൽകൽ | ബിൽ നം.4/2019-20/6.7.2019 | 86130 (വികസന ഫണ്ട്) | IKM | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |

### 1-20-2 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം | പേര് | ബിൽ / വൌച്ചർ നം / തിയ്യതി | ചെലവ് തുക | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | അപാകത |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 1/2019-20 | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ | ബിൽ നം.6/2019-20/6.7.2019 | 800,000 (വികസന ഫണ്ട്) | SSA | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജറാക്കിയിട്ടില്ല |
| 2 | 2/2019-20 | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ(SC) | ബിൽ നം.5/2019-20/6.7.2019 | 500,000 (വികസന ഫണ്ട്) | SSA | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജറാക്കിയിട്ടില്ല |

## 1-20-3 KSEBക്ക് തുക അടവാക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പേര് | ബിൽ /വൌച്ചർ നം /തിയ്യതി | ചെലവ് തുക | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | അപാകത |
|---|---|---|---|---|---|---|
| 1 | 233/2019-20 | വട്ടപ്പറമ്പ് കുടി വെള്ള പദ്ധതി-വൈദ്യുതീകരണം -KSEBക്ക് തുക അടവാക്കൽ | ചെക്ക് നം.1367576/18.12.19 | 55139 (തനത് ഫണ്ട്) | KSEB | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജറാക്കിയിട്ടില്ല |
| 2 | 248/2019-20 | പഴങ്കുഴി കുടി വെള്ള പദ്ധതി-ത്രീഫേസ് കണക്ഷൻ ലഭ്യമാക്കൽ - KSEBക്ക് തുക അടവാക്കൽ | 20096 (ബിൽ നം.20/2019-20/20.2.20) + 15305(ചെക്ക് നം.1642509/4.2.20) | 35401 ( വികസന ഫണ്ട് 20096 + തനത് ഫണ്ട് 15305) | KSEB | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജറാക്കിയിട്ടില്ല |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/7.10.21) മറുപടി നൽകിയിട്ടില്ല.

## 1-21 ക്ലീൻ എടയൂർ ഗ്രീൻ എടയൂർ-പൊതുസ്ഥലത്ത് മാലിന്യം തള്ളൽ-സി.സി.ടി.വി. സ്ഥാപിക്കൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്/ നം. | ക്ലീൻ എടയൂർ ഗ്രീൻ എടയൂർ-പൊതുസ്ഥലത്ത് മാലിന്യം തള്ളൽ-സി.സി.ടി.വി. സ്ഥാപിക്കൽ (179/19-20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| ചെലവ് തുക | 200000/-<br>(ധനകാര്യ കമ്മീഷൻ അവാർഡ്)<br>ബിൽ നം. 05/192172 തിയ്യതി 15.10.19 |

പൊതു സ്ഥലത്ത് മാലിന്യം തള്ളൽ പരിശോധിക്കാനായി മേൽ പ്രോജക്ട് പ്രകാരം Invoice No. NPMB2C/5836 /26.03.2019 തിയ്യതിയിൽ Nidson Infoway, Perintalmannna- എന്ന സ്ഥാപനത്തിൽ നിന്നും 4 സി.സി.ടി.വി. വാങ്ങി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. 06.10.2021ന് ശ്രീ.എൻ.രാജേഷ്, ഹെഡ് ക്ലർക്ക്മൊത്ത് നടത്തിയ സംയുക്ത പരിശോധനയിൽ വി.പി.ഓഡിറ്റോറിയത്തിന് സമീപമുള്ള സ്ഥലത്ത് സ്ഥാപിച്ച ക്യാമറ പ്രവർത്തന ക്ഷമമല്ലെന്നും, നേരെ മുന്നിലായി മാലിന്യം തള്ളിയതായും കാണപ്പെട്ടു. അത്തിപ്പറ്റ റോഡിൽ തോട്ടിൽ പള്ളിയ്ക്ക സമീപമുള്ള ക്യാമറയും പ്രവർത്തന ക്ഷമമല്ലെന്ന് കാണുകയും ചെയ്തു. സി.സി.ടി.വിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒയ്ക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി(Enquiry

No. 10 Dated 06.10.21) 01.10.2019നാണ് സി.സി.ടി.വി.സ്ഥാപിച്ചതെന്നും ക്യാമറകൾ നിലവിൽ പ്രവർത്തന ക്ഷമമല്ലെന്നും അറിയിക്കുകയുണ്ടായി.

<u>സംയുക്ത പരിശോധനയിൽ കാണപ്പെട്ട അപാകതകൾ</u>

(1) സ്ഥിരമായി സി.സി.ടി.വി. നിരീക്ഷിക്കുന്നില്ല. സി.സി.ടി.വി. പരിശോധിക്കാനുള്ള സ്ഥിരം സംവിധാനം പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടില്ല.

(2) സി.സി.ടി.വി. പരിശോധിക്കണമെങ്കിൽ സ്ഥാപിച്ച പോസ്റ്റിൽ കയറി ഡിജിറ്റൽ വീഡിയോ റെക്കോഡർ എടുത്ത് പരിശോധിക്കണം. ഇത് നിലവിൽ അപ്രയോഗികമാണ്.

(2) വാറൻറി പിരിയഡ് 2 വർഷമാണെങ്കിലും 01.10.2019ന് സ്ഥാപിച്ച സി.സി.ടി.വി എന്നാണ് പ്രവർത്തന രഹിതമായതെന്ന വിശദീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞില്ല.

(3) സി.സി.ടി.വി.യുടെ പ്രവർത്തനം സാങ്കേതിക വിദഗ്ദൻ പരിശോധിച്ചിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് നല്കിയ മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. (മറുപടി തിയ്യതി 06.10.21)

(4) മേൽ അപാകതകൾ പരിഹരിക്കാമെന്നും സി.സി.ടി.വി. പ്രവർത്തന ക്ഷമമാക്കി, കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം പഞ്ചായത്തിൽ ഏർപ്പെടുത്താമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി.

200000/-രൂപ ചെലവിൽ സ്ഥാപിച്ച സി.സി.ടി.വി. നിഷ്ക്രിയ ആസ്തിയായി തുടരുന്നു. ആയതിനാൽ സി.സി.ടി.വി. പ്രവർത്തന സജ്ജമാക്കി കാര്യക്ഷമമായ നിരീക്ഷണ സംവിധാനമൊരുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -3</u>

### <u>3-1 സെന്ററിങ്ങ് & ഷട്ടറിങ് - അധിക തുക നൽകി</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചെങ്ങണക്കോട് പച്ചിലക്കുണ്ട് തോട്ടിൽ കള്ളാടിക്കുണ്ട് പാലം എന്ന പ്രവത്തിയുടെ ഇനം 7 ആയി പാലത്തിന്റെ പാരപ്പെറ്റ്, റോഡ് സൈഡ് പ്രൊട്ടക്ഷൻ വാൾ എന്നിവ കോൺക്രീറ്റ് ചെയ്യുന്നതിനായി സെന്ററിങ്ങ് പ്രവൃത്തി ചെയ്തതിന് DAR 5.9.6 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് DAR 5.9.2 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതി. 5.9.6 പ്രകാരമുള്ള നിരക്ക് പില്ലർ, കോളം, പിയർ എന്നിവക്കും സമാന കോൺക്രീറ്റ് പ്രവൃത്തികളുടെയും സെന്ററിങ്ങ് പ്രവൃത്തികൾക്കും നൽകുന്ന നിരക്കാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ചെങ്ങണക്കോട് പച്ചിലക്കുണ്ട് തോട്ടിൽ കള്ളാടിക്കുണ്ട് പാലം<br>കരാറുകാരൻ ശ്രീ. അനിൽകുമാർ. പി.ടി<br>കരാർ 102/22.1.2019<br>ബിൽ. 24/4.9.2019 തുക 281233<br>2018-19 ൽ നൽകിയത് 300000<br>അളവ് പുസ്തകം 88/18-19,104/18-19 | സെന്ററിങ്ങ് & ഷട്ടറിങ്ങ് പാരപ്പെറ്റ് 8.57m$^2$ | 5173 @603.5928/M$^2$ | 4186 @@488.4508/M$^2$ (ടെണ്ടർ കുറവിന് ശേഷം) DAR 5.9.2 പ്രകാരം അടിസ്ഥാന നിരക്ക് 266.19/M$^2$ | 987 |
| | റോഡ് മെയ്കിങ്ങ് | 27071 @603.5928/M$^2$ | 21907 @488.4508 | 5164 |

| | | | | |
|---|---|---|---|---|
| കോസ്റ്റ് ഇൻഡക്സ്. 37.25% | പ്രൊട്ടക്ഷൻ വാൾ $44.85m^2$ ആകെ | | (ടെണ്ടർ കുറവിന് ശേഷം) DAR 5.9.2പ്രകാരം അടിസ്ഥാന നിരക്ക് @519.6285 | |
| | | | | 6151 |

ഓഡിറ്റ് എൻക്വയറി 3 /19-20/1.10.2021 നൽകിയതിന് - ഈ പ്രവൃത്തി സങ്കീർണ്ണത കൂടിയതാണെന്നും സ്കിൽഡ് ലേബർ കൂടുതൽ ആവശ്യമാണെന്നും മറുപടി ലഭ്യമാക്കി. സൈഡ് വാൾ പ്രവൃത്തിക്ക് നൽകാവുന്നത് DSR 5.9.2 പ്രകാരമുള്ള നിരക്ക് മാത്രമാണ്. 5.9.6 പ്രകാരമുള്ള നിരക്ക് കോളം, പില്ലർ, പിയേഴ്സ് തുടങ്ങിയവക്ക് നൽകുന്ന നിരക്കാണ്. ആയതിനാൽ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2019-20 | 22.09.2021 മുതൽ 08.10.2021 വരെയുള്ള ഓഡിറ്റ് ക്യാമ്പിൽ പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്/നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 325000 | 46/19-20 ഭിന്നശേഷി വിദ്യാർത്ഥിക്കൾക്ക് സ്കോളർഷിപ്പ് | 325000 | |
| | 478906 | 77/19-20 എന്റെ ഗ്രാമം നെൽകൃഷി ഗ്രാമം | 478906 | 0 |
| | 1398870 | 146/ലൈഫ് പദ്ധതി (ജനറൽ) | 1398870 | |
| | 401941 | 147/ലൈഫ് പദ്ധതി (ജനറൽ) | 401941 | 0 |
| ആകെ | 2604717 | | 2604717 | 0 |
| ജില്ലാ പഞ്ചായത്ത് | 250000 | 46/ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ആകെ | 250000 | | 250000 | |

മുൻവർഷ ബാക്കി തുകയിൽ നിന്ന് ബ്ലോക്ക് വിഹിതമായ 700000/-രൂപ പ്രോജക്റ്റ് ന്. 213 ലൈഫ് പദ്ധതി എസ്.സി.-സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്.

### 4-3 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം (K.S.E.B, K.W.A, GWD)

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | സ്ട്രീറ്റ് ലൈൻ വലിക്കൽ | 41900335 Dated 10.10.2019 | 300000 | 0 | ഇല്ല | 300000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ്ഭവന പദ്ധതി | | 7647503 | 7649022 | 690619 | | 6958403 |
| | | | | | | | |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി 2019-20

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക് | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./ തിയ്യതി |
|---|---|---|---|---|
| 2003-04 | 3(3) | 783 | ശ്രീ.വി.പി.മൊയ്തീൻ കുട്ടി (കരാറുകാരൻ) | 119130100683/ 18.06.2019 |
| 2018-19 | 23(3) | 937 | ശ്രീമതി.ശ്രീലേഖ കൃഷി ഓഫീസർ | 119130107829/ 10.03.2020 |
| | ആകെ | 1720 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, | സമാഹൃത റിപ്പോർട്ട് വർഷം, | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| ഖണ്ഡിക നം | ഖണ്ഡിക നം | | |
| 1997-98<br>36,37 | 2003-04<br>30 | കോഴി വളർത്തൽ, കോഴിക്കുട് വിതരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99<br>44,46 | 2003-04<br>30 | എസ്റ്റിമേറ്റ് തയ്യാറാക്കൽ, അധിക തുക നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-00<br>39,49,50 | 2003-04<br>30 | ജലസേചനം-കൺവീനർക്ക് അധിക തുക നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01<br>28 | 2003-04<br>30 | കുഴൽക്കിണർ-ഉപയോഗിക്കാത്ത സാധനം തിരിച്ച് നൽകിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2001-02<br>3(2),3(3),3(7) | 2004-05<br>3(7) | പദ്ധതികൾ ലക്ഷ്യം നേടിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2006-07<br>3(4) | 2009-10<br>3(4) | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ-പൂർത്തീകരണ വിവരമില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12/<br>2012-13 | 2015-16<br>3-3, 3(1) | | |
| 2016-17 | 2017-18<br>3(6) | | |
| 2014-15 | 2016-17<br>2(1,2) | | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ് നടപടികളുടെ വിവരം

ഇല്ല

B)സർചാർജ് നടപടികളുടെ വിവരം

| ക്രമ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 36 | ഡോ. കെ.ജി.രാജു, വെറ്റി. സർജൻ | Lf 2717 / Sp Cell/ Sc5/04/ Dtd 5-9-05 | 67,500 | 0 | 0 | 0 | 0 | 0 | 67,500 | OP 19/15 (IA 96/15) |
| 2 | 1998-99 | 42 | ഐ.വി. രാജ ഗോപാലൻ, | Lf 2731 / Sp Cell/ | 55,723 | | | 55,723 | | | 55,723 | OP 91/05, |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | അസി. എഞ്ചിനിയർ | Sc5/04/ Dtd 26-2-05 | | | | | | | | Dist Court , Manjeri |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72135943 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 68563433 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 6151 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 316340 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6151 | Rs 3076 സമിത .വി അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs3075 ശ്രീ. പ്രകാശ് ബാബു, അസി.എക്സി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 61142 | മെഡിക്കൽ ഓഫീസർ |
| 1-18-1 | 122600 | മെഡിക്കൽ ഓഫീസർ |
| 1-18-2 | 132598 | മെഡിക്കൽ ഓഫീസർ |
| ആകെ | 316340 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സമിത .വി അസിസ്റ്റന്റ് എഞ്ചിനീയർ | എ.ഇ ഓഫീസ് മൂർക്കനാട് ഗ്രാമപഞ്ചായത്ത് | സുർജിത്ത് വിഹാർ വലിയകുന്ന്.പി.ഒ മലപ്പുറം-676552 |
| ശ്രീ. പ്രകാശ്ബാബു.എം. | അസി.എക്സി.എഞ്ചിനീയർ (മേൽ വിലാസം ലഭ്യമല്ല) | കൃഷ്ണാഞ്ജലി, എടക്കാട്, കണ്ണൂർ-670663 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFM11/1155/01 Dt. 01.12.2010 | 2 |
| 1998-99 | LFM11/1422/01 Dt.01.12.2000 | 12 |
| 1999-00 | LFM11/1421/01 Dt. 01.12.2000 | 11 |
| 2000-01 | LFM11/435/03 Dt. 01.12.2010 | 02 |
| 2001-02 | LFM12/1269/04 Dt. 01.12.2010 | 14 |
| 2002-03 | LFM12/1865/04 Dt. 01.12.2010 | 11 |
| 2003-04 | LFM13/177/493/10 Dt. 21.01.2012 | 19 |
| 2004-05 | LFM11/177/494/10 Dt. 22.05.2012 | 16 |
| 2005-06 | LFM09/1153/09 Dt. 22.05.2012 | 07 |
| 2006-07 | LFM09/932/09 Dt. 17.02.2010 | 04 |
| 2007-08 | LFM09/1154/09 Dt. 19.02.2010 | 10 |
| 2008-09 To 10-11 | LFM13/1933/12 Dt. 23.08.2012 | 13 |
| 20011-12to12-13 | KSA/MPM/13/3095/ Dt. 1.2.16 | - |
| 2013-14 To14-15 | KSA/MPM/13/2098/ Dt. 8.8.16 | 25 |
| 2015-16 | KSA/MPM/ | 22 |
| 2016-17 | KSA/MPM/M13/2001/17/ 24-10-2017 | 32 |
| 2017-18 | KSA/MPM/13/2438/2018/ 12/11/18 | 23 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),

മലപ്പുറം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്